ത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) അവസാനരൂപം നല്കി കഴിഞ്ഞിട്ടില്ല.

ജല അതോറിറ്റിയിലെ മീറ്റർ പരിശോധന

* 115. [117] ശ്രീ. പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, സി. എഫ്. തോമസ് :
,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ നാലഞ്ചുവർഷങ്ങളായി മീറ്റർ പരിശോധന മുടങ്ങിക്കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ജല അതോറിറ്റിയിൽ മീറ്റർ റീഡർമാരുടെ ഒഴിവുള്ള തസ്തികയിലേക്ക് ഉടനെ നിയമനം നടത്തുമോ ;

(ഡി) മീറ്റർ റീഡർമാർ ഇല്ലാത്തതുകൊണ്ട് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ചില സ്ഥലങ്ങളിൽ എല്ലാ മീറ്ററുകളുടെയും പരിശോധന യഥാസമയം നടത്താൻ സാധിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്.

നവോദയ വിദ്യാലയങ്ങൾ

* 116. [118] ശ്രീ. ജി. കാർത്തികേയൻ :
,, മണിമംഗലത്തു കുട്ട്യാലി :
,, കെ. കെ. ശ്രീനിവാസൻ :
,, തോപ്പിൽ രവി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നവോദയ വിദ്യാലയങ്ങളുടെ ഉദ്ദേശ്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ വിദ്യാലയങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഈ വിദ്യാലയങ്ങളിലെ പ്രവേശനത്തിനുള്ള മാനദണ്ഡമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര കുട്ടികളെയാണ് ഈ വിദ്യാലയങ്ങളിൽ പ്രവേശനത്തിന് തെരഞ്ഞെടുക്കുന്നത് ; ആൺകുട്ടികളും എത്ര ; പെൺകുട്ടികളും എത്ര ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ദേശീയ ഐക്യത്തിന്റെ പ്രാധാന്യത്തെയും ആവശ്യകതയേയും പറ്റി കുട്ടികളെ ബോധവാൻമാരാക്കുന്നതിനും, ബുദ്ധിമാൻമാരും എന്നാൽ വിദ്യാഭ്യാസത്തിനു വേണ്ടത്ര സൗകര്യങ്ങളും ലഭിക്കാത്തവരുമായ പിന്നോക്ക പ്രദേശങ്ങളിലെ കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനുമാണ് 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ നവോദയ വിദ്യാലയ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

(ബി) 1986-87-ൽ നാല് വിദ്യാലയങ്ങളും സംസ്ഥാനത്ത് ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, എറണാകുളം, കാസർകോട് എന്നീ ജില്ലകളിലാണ് ഇവ ആരംഭിക്കുന്നത്. ഈ സ്കൂളുകളിലേക്കുള്ള പ്രവേശന പരീക്ഷ നടന്നുകഴിഞ്ഞു. ക്ലാസ്സുകളും നവംബർ ആദ്യവാരം ആരംഭിക്കുമെന്നാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള വിവരം.

(സി) 6 മുതൽ 12 വരെ ക്ലാസ്സുകളും ഈ വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കും. 6-ാം ക്ലാസ്സിലേക്ക് പ്രവേശനം നൽകുന്നത് പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും. പ്രസക്തമായ അദ്ധ്യയന ഘട്ടത്തിനു തൊട്ടു മുൻപ് ഒരു അംഗീകൃത വിദ്യാലയത്തിൽ 5-ാം ക്ലാസിലെ പഠനം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള കുട്ടികൾക്കു മാത്രമേ ഈ തെരഞ്ഞെടുപ്പു പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. പ്രസക്ത വർഷത്തിൽ മേയ് 1-ാം തീയതി 12 വയസ്സിൽ കുറഞ്ഞ പ്രായമുള്ള കുട്ടികൾക്കു മാത്രമേ തെരഞ്ഞെടുപ്പു പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 13 വയസ്സിൽ താഴെ പ്രായമുള്ളവരായിരിക്കണം.

(ഡി) 80 കുട്ടികൾ വീതം. അതിൽ $\frac{2}{3}$ ഭാഗം ആൺകുട്ടികൾക്കും $\frac{1}{3}$ ഭാഗം പെൺകുട്ടികൾക്കും എന്നാണ് തീരുമാനിച്ചിരിക്കുന്നത്.

വികസന അതോറിറ്റികളുടെ പ്രവർത്തനം തുടങ്ങാത്ത പദ്ധതികൾ

* 117. [119] ശ്രീ. പി. വിജയദാസ് :
,, എ. വി. താമരാക്ഷൻ :
,, ആർ. എസ്. ഉണ്ണി :
,, സിറിയക് ജോൺ :
,, വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന അതോറിറ്റികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്ന പദ്ധതികളിൻമേൽ ഇതുവരെ പ്രവർത്തനം തുടങ്ങാത്തത് ഏതെല്ലാം ;

(ബി) തിരുവനന്തപുരം പാളയം സ്കീമിനെയും മെഡിക്കൽകോളേജ് സ്കീമിനെയും ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(സി) ഈ സ്കീം ഉൾപ്പെട്ട സ്ഥലത്ത് മറ്റ് സഹകാര്യ വികസന പ്രവർത്തനത്തിന് ഉള്ള അനുവാദം നല്കുന്നുണ്ടോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly